സി.ടി ബശീർ

# ബലിയുടെ ആത്മാവ്

**ക്രൂരം,** കിരാതം നരബലി! അത് നിർത്താൻ കൂടി നിയുക്തനായ നബിയായിരുന്നു ഇബ്റാഹീം. അക്കാലത്ത്, ഏതാണ്ട് അയ്യായിരം വർഷം മുമ്പ്, ആരാധനാമൂർത്തികളുടെ പ്രീതിക്കുവേണ്ടി ചെറുപ്പക്കാരെയും ഇഷ്ടജനങ്ങളെയും കുരുതികൊടുക്കുന്ന സമ്പ്രദായം നിലവിലുണ്ടായിരുന്നു. സംസ്കാരങ്ങളുടെ നേർക്ക് കൊഞ്ഞനം കുത്തി ഇന്നും അപൂർവം ചിലേടങ്ങളിലെങ്കിലും അത് സംഭവിച്ചുകൊണ്ടിരിക്കുന്നു. നാടകീയതയും വൈകാരികതയും മുറ്റിനിൽക്കുന്ന സംഭവപരമ്പരകളിലൂടെയാണ് അല്ലാഹു ഇബ്റാഹീമിലൂടെ നരബലി നിർത്താനുള്ള സന്ദേശം മാനവരാശിക്ക് കൈമാറിയത്.

മൂന്നു നാലു സംസ്കാരങ്ങളുടെ താരോദയം കുറിച്ചുകൊണ്ട് ഇറാഖിലായിരുന്നു ഇബ്റാഹീമിന്റെ ജനനം. പിതാവ് പുരോഹിതനും അറിയപ്പെട്ട ശിൽപിയുമായിരുന്നു. വിഗ്രഹങ്ങൾ നിർമിക്കലായിരുന്നു പിതാവ് ആസറിന്റെ മുഖ്യ ജോലി. ഇബ്റാഹീം യുക്തിവാദിയായ ദൈവവിശ്വാസിയായി വളരുന്നതും വിഗ്രഹങ്ങൾക്കെതിരെ പരുഷമായും ഹാസ്യരൂപത്തിലും സംസാരിക്കുന്നതും പിതാവിനെയും നാട്ടുകാരെയും അലോസരപ്പെടുത്തി. ഏകദൈവ വിശ്വാസത്തിലേക്കായിരുന്നു ഇബ്റാഹീം നക്ഷത്ര പൂജകരെയും വിഗ്രഹഭക്തരെയും ക്ഷണിച്ചത്. അസ്തമിച്ചുകൊണ്ടിരിക്കുന്ന സൂര്യനും ചന്ദ്രനും നക്ഷത്രങ്ങളും ഒരിടത്തുനിന്ന് അനങ്ങാനും മിണ്ടാനും വയ്യാത്ത വിഗ്രഹങ്ങളും ദൈവസൃഷ്ടികൾ മാത്രമാണെന്ന് വാദിച്ച ഇബ്റാഹീമിന്റെ നേർക്ക് ഭീഷണികൾ പലതുമുയർന്നു- നാടുകടത്തുമെന്നും, അഗ്നികുണ്ഡത്തിൽ എറിഞ്ഞുകൊല്ലുമെന്നുമൊക്കെയുള്ള ഭീഷണികൾ.

പൗരോഹിത്യവും രാജാധിപത്യവും കൈകോർത്ത് ക്രൂര മർദനങ്ങൾ നടപ്പിലാക്കിത്തുടങ്ങി. പക്ഷേ ഇബ്റാഹീമിന്റെ ആത്മചൈതന്യം അഗ്നിനാളത്തേക്കാൾ ഉജ്ജ്വലമായി കത്തിനിന്നു. ഒരു മനസ്താപം മാത്രമേ അദ്ദേഹത്തിനുണ്ടായിരുന്നുള്ളൂ-തനിക്ക് ജീവിതാന്ത്യത്തിൽ ആശ്രയമാവാൻ, തന്റെ ദൗത്യം മുന്നോട്ടു നയിക്കാൻ ഒരു സന്താനമുണ്ടാകാത്തത്. അല്ലാഹു പ്രാർഥനക്കുത്തരം നൽകുമ്പോഴേക്ക് ഇബ്റാഹീമിന് ജരാനരകൾ ബാധിച്ചിരുന്നു. മലക്കുകളാണ് ആ സന്തോഷവാർത്തയുമായി ഇബ്റാഹീമിനടുക്കൽ വന്നത്. അങ്ങനെ അടിമസ്ത്രീയായിരുന്ന ഹാജറയിൽ ഇസ്മാഈലും സാറയിൽ ഇസ്ഹാഖും ജനിച്ചു. തുടർന്നുള്ള ദൈവശാസന, ഹാജറയെയും കുഞ്ഞിനെയും വിദൂരവും ഏകാന്തവുമായ ബക്കയെന്ന മണലാരണ്യത്തിലേക്ക് കൊണ്ടുപോകാനായിരുന്നു. കുന്തമുനകൾ പോലെ പൊന്തിനിൽക്കുന്ന മലമ്പ്രദേശത്ത് എന്നോ കടന്നുപോവുന്ന കച്ചവട സംഘങ്ങളുടെ ചുവടൊച്ച മാത്രം കേൾക്കാവുന്ന ഏകാന്ത ഭീകരമായ ചുറ്റുപാടിലാണ് ഇബ്റാഹീമിന്റെ കൊച്ചു കുടുംബം പറിച്ചുനടപ്പെട്ടത്. മാതാവിനെയും കുഞ്ഞിനെയും അവിടെ വിട്ടു തിരിച്ചുപോകാനായിരുന്നു തുടർന്നുള്ള ദൈവനിർദേശം. ഇബ്റാഹീമിന്റെ തിരിച്ചുപോക്ക് ഹാജറയെ ആദ്യം അന്ധാളിപ്പിച്ചു. ദൈവനിർദേശ പ്രകാരമാണെന്നറിഞ്ഞപ്പോൾ സമാധാനിച്ചു.

പശി മാറ്റാനും ദാഹം കെടുത്താനും എന്തു വഴി? കുഞ്ഞ് വാവിട്ടു നിലവിളിക്കാൻ തുടങ്ങി. കരഞ്ഞു കരഞ്ഞു കാലിട്ടടിക്കുന്നു. കുന്നിറങ്ങി, കുന്നുകയറി താഴ്വരകളിൽ തണ്ണീർ അന്വേഷിച്ചു തളർന്ന ഹാജറ ഹതാശയായി കുഞ്ഞിന്റെ അടുത്തേക്ക് തിരിച്ചുവരും. വീണ്ടും സ്വഫാ-മർവാക്കിടയിൽ അന്വേഷണം തുടരും, നിസ്സഹായയായി മടങ്ങും. മലകൾ കുഞ്ഞിന്റെ കരച്ചിലും മാതാവിന്റെ തേങ്ങലും പ്രതിധ്വനിപ്പിച്ച് മൂകമായി നിന്നു. അതിനിടക്കാണ് ആ അത്ഭുത കാഴ്ച ഹാജറയുടെ മനം കുളിർപ്പിച്ചത്. കുഞ്ഞ് കാലിട്ടടിച്ച സ്ഥലത്തിനു ചുറ്റും ശുദ്ധജലം പൊട്ടിപ്പൊട്ടി വരുന്നു! കാണെക്കാണെ അത് വർധിച്ചു. സന്തോഷത്തിന്റെയും സന്താപത്തിന്റെയും സമ്മിശ്ര വികാരങ്ങളോടെ ഹാജറ ആരോടെന്നില്ലാതെ നിലവിളിച്ചുപോയി: 'സംസം' (അടങ്ങൂ). ഒരു നവനാഗരികതയുടെ ഉറവിടമായിരുന്നു അത്. സംസം ഇന്നും ലക്ഷക്കണക്കിനാളുകളുടെ ദാഹം തീർക്കുന്നു. സ്വഫാ-മർവാക്കിടയിലെ ഹാജറയുടെ അസ്വസ്ഥ നടത്തവും ഓട്ടവും ആവർത്തിക്കാൻ ലോകജനത പല കോണുകളിൽനിന്നും പുറപ്പെട്ടു ആത്മാർഥമായി മത്സരിക്കുന്നു.

ബാലനായ ഇസ്മാഈലിനെ ഇബ്റാഹീം വീണ്ടും കാണാനെത്തുന്നത് ഒരു അപൂർവസ്വപ്നവും തലയിൽ പേറിക്കൊണ്ടായിരുന്നു. അഗ്നികുണ്ഡത്തിൽ എറിയപ്പെട്ട ശേഷവും പരീക്ഷണങ്ങളുടെ തിരമാലകൾ ഇബ്റാഹീമിന്റെ നേർക്കു അലറിയടുക്കുകയായിരുന്നു.തന്റെ ഏകാശ്രയമായ ബാലനെ അറുക്കാൻ അദ്ദേഹം നിസ്സങ്കോചം സന്നദ്ധനായി. മകൻ ദൈവഹിതമറിഞ്ഞത് അക്ഷോഭ്യനായിട്ടായിരുന്നു. പിതാവ് എല്ലാ ധൈര്യവും സംഭരിച്ച് കത്തിക്ക് മൂർച്ച കൂട്ടി. മകൻ ശാന്തനായി ബലിപീഠത്തിൽ കയറി ശിരസ്സ് ചായ്ചു കിടന്നുകൊടുത്തു. ആകാശലോകം തരിച്ചിരുന്നു. മലക്കുകൾ ആജ്ഞാനുസാരികളായി കാത്തുനിന്നു. ഇബ്റാഹീം കത്തി കണ്ഠത്തിൽ വെച്ചു, ദൗത്യം പൂർത്തീകരിച്ചു. അറുത്തത് ഒരാടിനെ! ഇസ്മാഈൽ മാറി, ആട്ടിൻ കുട്ടി സ്ഥാനം പിടിച്ചുപറ്റിയത് പ്രകാശത്തെ തോൽപിക്കുന്ന അതിശയകരമായ വേഗതയിലാണ്. നരബലി ഉദ്യമം വെറും പരീക്ഷണാർഥമായിരുന്നു. മൃഗബലിയാവാം. മൃഗത്തിന്റെ രക്തവും മാംസവുമല്ല അല്ലാഹുവിൽ എത്തുന്നത്, ആ കർമത്തിലെ ഭയഭക്തി ഭാവം- തഖ്വ- മാത്രമാണെന്ന് അല്ലാഹു പഠിപ്പിച്ചു. ഹജ്ജ് വേളയിലെ ബലിയുടെ മാംസം സംസ്കരിച്ചു, ഭദ്രമായി പാക് ചെയ്ത് വിശന്നു പൊരിയുന്ന ദരിദ്ര ലക്ഷങ്ങൾക്ക് എത്തിച്ചുകൊടുക്കുന്നു- വർഷം മുഴുവൻ അവർക്കത് ഉപയോഗിക്കാനാവും.

ഇബ്റാഹീമും ഇസ്മാഈലും പിന്നെ നിയുക്തരായത് ആദം പണിതു പൊളിഞ്ഞുപോയ കഅ്ബാലയം പുതുക്കിപ്പണിയാനാണ്. ഇസ്മാഈൽ പ്രബോധനം ചെയ്തതും ഏകദൈവവിശ്വാസംതന്നെ. അറബികളുടെ ആരാധനാ കേന്ദ്രം കഅ്ബയായി. സാറയിൽ ഉണ്ടായ ഇസ്ഹാഖിന്റെ തലമുറയിലാണ് ജൂതരും ക്രിസ്ത്യാനികളുമുണ്ടായത്. ഇന്ന് ജീവത്തായി നിൽക്കുന്ന എല്ലാ സംസ്കാരങ്ങളുടെയും പൈതൃകം ചെന്നെത്തുന്നത് ഇബ്റാഹീമിൽ. വിശ്വസംസ്കാര നായകൻ ഇബ്റാഹീം. ആ വിശ്വനായകൻ സംവിധാനിച്ചതാണ് ഹജ്ജ് കർമാനുഷ്ഠാനം. ആ പ്രവാചകന്റെ വിളി കേട്ടിട്ടാണ് ഹജ്ജിന് പോകുന്നത്. അതിന്റെ ആഘോഷമാണ് ബലിപെരുന്നാൾ. ത്യാഗസ്മരണകൾ അയവിറക്കി മാത്രമേ ഹജ്ജിലെ ഓരോ അനുഷ്ഠാനവും നിർവഹിക്കാനാവൂ. പിൽക്കാലത്ത് വികലമാക്കപ്പെട്ട ഹജ്ജ് കർമങ്ങൾ ശുദ്ധീകരിക്കുകയെന്ന കർത്തവ്യം മാത്രമേ പ്രവാചകനായ മുഹമ്മദ് ഏറ്റെടുത്തിട്ടുള്ളൂ. ഇബ്റാഹീമിന്റെ ഏകദൈവസിദ്ധാന്തത്തിന്റെ പ്രയോക്താവും അന്ത്യപ്രവാചകൻതന്നെ. ഇബ്റാഹീമിന്റെ പ്രാർഥനയുടെ സാക്ഷാത്കാരമാണ് മുഹമ്മദിന്റെ ഇരുപത്തിമൂന്ന് വർഷത്തെ ജീവിതം. ബലിയുടെ ആത്മാവ് കാത്തുസൂക്ഷിക്കാതെ ബലി പെരുന്നാൾ ആഘോഷം സമ്പൂർത്തമാവില്ല. നരബലിയുടെ ഓർമകൾ ഉണർത്താനല്ല, തളർത്താനാണ് ഓരോ ഈദുൽ അദ്ഹായും വരുന്നത്; ഇബ്റാഹീമിനെ ഓർക്കാനും. ■